ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർത്ത സംഭവം

(1542) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീനാരായണഗുരു പ്രതിമ തകർക്കുകയും എസ്.എൻ.ഡി.പി. സ്ഥാപനങ്ങൾ നശിപ്പിക്കുകയും ചെയ്ത സംഭവത്തെക്കുറിച്ച് ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

അത്തരമൊരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ആരാധനാലയങ്ങൾ ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ

(1544) ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ആരാധനാലയങ്ങൾ ആക്രമിക്കപ്പെട്ടു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര ക്ഷേത്രങ്ങൾ, പള്ളികൾ, ഗുരുമന്ദിരങ്ങൾ എന്നിവയുണ്ടായിരുന്നു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസുകളിൽ ആകെ എത്ര പ്രതികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ആരാധനാലയങ്ങളുടെ നേർക്ക് വർദ്ധിച്ചുവരുന്ന ആക്രമങ്ങൾ തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 40 ആരാധനാലയങ്ങൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്.

(ബി) 10 ക്ഷേത്രങ്ങൾ, 11 പള്ളികൾ, 17 ഗുരുമന്ദിരങ്ങൾ.

(സി) 38 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 49 പ്രതികൾ ഉണ്ട്. ചില കേസുകളിലെ പ്രതികളെ അറിവായിട്ടില്ല.

(ഇ) ആരാധനാലയങ്ങളുടെ നേരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നു എന്നത് ശരിയല്ല. മുൻകാലങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വർഗ്ഗീയ സംഘർഷങ്ങളും ആരാധനാലയങ്ങൾക്ക് നേരെയുള്ള അക്രമങ്ങളും കുറഞ്ഞു വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. ആരാധനാലയങ്ങളുടെ നേരെ അക്രമങ്ങൾ നടക്കാതിരിക്കുന്നതിനും വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly